**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4841** **20-03-2025 - ൽ മറുപടിയ്ക്ക്**

**പോഞ്ഞാശ്ശേരി- ചിത്രപ്പുഴ റോഡ് നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി. ശ്രീനിജിൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കുന്നത്തുനാട് മണ്ഡലത്തിലെ പോഞ്ഞാശ്ശേരി- ചിത്രപ്പുഴ റോഡിൽ ചെയിനേജ് 3.80 മുതൽ 8 വരെ വരുന്ന ഭാഗത്തെ ബി.എം.ബി.സി. നിലവാരത്തിലുള്ള റോഡ് നവീകരണത്തിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; | (എ) | 30.09.2020 തീയതിയിൽ 200 ലക്ഷം രൂപയ്ക്ക് ഈ പ്രവൃത്തിക്ക് ഭരണാനുമതി നൽകിയിരുന്നു. 28.10.2020 തീയതിയിൽ സാങ്കേതികാനുമതി ലഭിച്ച പ്രവൃത്തിയുടെ കാലാവധി കരാർ പ്രകാരം 6 മാസമായിരുന്നു. M/s Vijay Constructions എന്ന കരാറുകാരൻ കരാർ ഏറ്റെടുക്കുകയും 30.01.2021-ൽ സൈറ്റ് കൈമാറുകയും ചെയ്തിരുന്നു. മൂന്ന് തവണ പിഴ ഇല്ലാതെയും 3 തവണ പിഴയോടുകൂടിയും കരാർ ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. പല തവണ കരാറുകാരനെ ഹിയറിംഗിനായി വിളിച്ചെങ്കിലും പ്രവൃത്തിയിൽ വേണ്ടത്ര പുരോഗതി കൈവരിക്കാത്തതിനാൽ 07.03.2023-ൽ കരാറുകാരന്റെ നഷ്ട ഉത്തരവാദിത്വത്തിൽ ഒഴിവാക്കിയിരുന്നു. ഇതേ തുടർന്ന് കരാറുകാരൻ ബഹു. ഹൈക്കോടതിൽ WP(C)-14195/2023 കേസ് ഫയൽ ചെയ്യുകയും കോടതി പലതവണയായി ടെർമിനേഷൻ ഓർഡർ സ്റ്റേ ചെയ്യുകയുമുണ്ടായി. ബഹു.ഹൈക്കോടതിയുടെ നിർദ്ദേശപ്രകാരം 16.04.2024-ന് സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയത്തിൽ കരാറുകാരനുമായി ഹിയറിംഗ് നടത്തുകയും കരാറുകാരന്റെ വാദങ്ങൾ അംഗീകരിക്കാതെ 07.03.2023-ൽ കരാറുകാരനെ നഷ്ടോത്തരവാദിത്വത്തിൽ ഒഴിവാക്കിയ ഉത്തരവ് നിലനിർത്തി റീടെണ്ടർ ചെയ്യാൻ തീരുമാനിക്കുകയും ചെയ്തു. തുടർന്ന് ബാലൻസ് പ്രവർത്തി ടെണ്ടർ ചെയ്യുകയും നാലാമത്തെ റീ ടെണ്ടറിൽ (22.11.2024) ശ്രീ.മുഹമ്മദ് ബക്കർ എം എന്ന കരാറുകാരൻ 47.91% കൂടിയ തുകയ്ക്ക് ടെണ്ടർ രേഖപ്പെടുത്തുകയും ചെയ്തു. ടെണ്ടർ അംഗീകാരത്തിനായി സർക്കാരിൽ ലഭിക്കുകയും ആയതിന്റെ തുടർനടപടികൾ PWD – G2/70/2025-PWD എന്ന ഫയലിൽ സ്വീകരിച്ചിട്ടുമുണ്ട്. ഫയൽ പ്രകാരം 30-07-2015 ലെ G.O(P) No. |

| | | | |
|---|---|---|---|
| | | | 324/2015/Fin. നം. സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ പാലിച്ചാണോ ടെൻഡർ ചെയ്തിട്ടുള്ളത് എന്നു വ്യക്തമാക്കാനായി നിരത്തുകൾ വിഭാഗം ചീഫ് എഞ്ചിനീയർക്ക് 21-02-2025 തീയതിയിൽ കത്ത് നൽകിയിട്ടുണ്ട്. മറുപടി ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ബി) | ഇത് സംബന്ധിച്ച് ജി2/70/2025, കമ്പ്യൂട്ടർ നം.9194859 എന്ന ഗവ.സെക്രട്ടേറിയറ്റിലെ പൊതുമരാമത്ത് വകുപ്പിലെ ഫയലിൽ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) | (എ) പിരിവിന്റെ അതേ മറുപടി. |
| (സി) | എന്തുകൊണ്ടാണ് പ്രസ്തുത പ്രവൃത്തി നാളിതുവരെയായി ആരംഭിക്കുവാൻ കഴിയാത്തതെന്ന് വ്യക്തമാക്കാമോ; | (സി) | (എ) പിരിവിന്റെ അതേ മറുപടി. |
| (ഡി) | പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് വകുപ്പ് നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്നും അതിന്റെ പുരോഗതിവിശദമാക്കാമോ; | (ഡി) | (എ) പിരിവിന്റെ അതേ മറുപടി. |
| (ഇ) | സാങ്കേതിക തടസ്സങ്ങൾ വേഗത്തിൽ പരിഹരിച്ച് പ്രസ്തുത പ്രവൃത്തി വേഗത്തിൽ ആരംഭിക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ? | (ഇ) | (എ) പിരിവിന്റെ അതേ മറുപടി. |

സെക്ഷൻ ഓഫീസർ